ദേശാഭിമാനി
2023 മെയ് 15 തിങ്കൾ | 1198 ഇടവം 1 | 1444 ശവ്വാൽ 24

ഡയലോഗ്

ബജ്റംഗദളും ബജ്റംഗബലിയും വ്യത്യസ്തമാണ്. ബജ്റംഗദൾ വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും രാഷ്ട്രീയം പ്രചരിപ്പിക്കുന്നു. നിയമം ലംഘിക്കുകയും മതവിദ്വേഷം പ്രചരിപ്പിക്കുകയും ചെയ്യുന്ന ഏതൊരു സംഘടനയെയും നിരോധിക്കുമെന്നാണ് പ്രകടനപത്രികയിൽ പറഞ്ഞത്

ജയ്റാം രമേശ്
കോൺഗ്രസ് ജനറൽ സെക്രട്ടറി

ചരിത്രത്തിൽ ഇന്ന്

15

1886	കവയിത്രി എമിലി ഡിക്കിൻസൺ അന്തരിച്ചു
1889	ഈഫൽ ടവർ സന്ദർശകർക്കായി തുറന്നു
1903	എസ്എൻഡിപി യോഗം രജിസ്റ്റർ ചെയ്തു
1929	ഓസ്കറിന്റെ ആദ്യരൂപമായ യുഎസ് അക്കാദമി അവാർഡ് ആരംഭിച്ചു
1958	സോവിയറ്റ് യൂണിയൻ സ്പുട്നിക്- 3 വിക്ഷേപിച്ചു
1993	എഴുത്തുകാരൻ വിലാസിനി (എം കെ മേനോൻ)അന്തരിച്ചു

കർണാടക വിജയത്തെ കോൺഗ്രസ് പക്വതയോടെ സമീപിക്കണം

രാജ്യത്തെ മതനിരപേക്ഷ ജനാധിപത്യ ശക്തികൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന ഭരണമാറ്റമാണ് കർണാടകത്തിലേത്. സംഘപരിവാറിന്റെ വിദ്വേഷ, വർഗീയ രാഷ്ട്രീയത്തിന് ശക്തമായ തിരിച്ചടി നൽകി ദക്ഷിണേന്ത്യയെ ബിജെപി മുക്തമാക്കി കർണാടകത്തിൽ കോൺഗ്രസ് അധികാരത്തിലെത്തി. ഉത്തരേന്ത്യയിലെപ്പോലെ ജനകീയ പ്രശ്നങ്ങളെ വർഗീയ ധ്രുവീകരണ രാഷ്ട്രീയത്തിലൂടെ നേരിടാമെന്ന ബിജെപിയുടെ രാഷ്ട്രീയതന്ത്രത്തിനാണ് തിരിച്ചടിയേറ്റത്. ആർഎസ്എസിനാൽ നിയന്ത്രിക്കുന്ന മോദി– അമിത് ഷാ സഖ്യത്തിന്റെ അവസാനത്തിന്റെ തുടക്കമായി ഈ തോൽവി മാറിയേക്കും. 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിലെ ദയനീയ പരാജയത്തിനുശേഷം ആദ്യമായി വലിയൊരു സംസ്ഥാനത്ത് വിജയിച്ചുവെന്നത് കോൺഗ്രസിനെ സംബന്ധിച്ച് ആശ്വാസമാണ്. ദേശീയ നേതൃത്വത്തിന്റെ വിജയത്തേക്കാൾ സംസ്ഥാന നേതൃത്വത്തിന്റെ വിജയമാണിത്. ഒരു നേതാവിനെ കേന്ദ്രമാക്കിയല്ല കോൺഗ്രസ് പ്രചാരണത്തിനിറങ്ങിയത്. രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും മല്ലികാർജുൻ ഖാർഗെയും ഉടനീളം പ്രചാരണം നടത്തിയെങ്കിലും ആൾബലവും സംഘടനാശേഷിയും പണവും ഇറക്കി കരുക്കൾ നീക്കിയത് പിസിസി അധ്യക്ഷനായ ഡി കെ ശിവകുമാറും മുൻമുഖ്യമന്ത്രി സിദ്ദരാമയ്യയുമായിരുന്നു. പ്രാദേശിക പ്രശ്നങ്ങളിലും ഭരണപരാജയത്തിലും ഊന്നിയ പ്രചാരണത്തിൽ രാഹുൽ– മോദി ഏറ്റുമുട്ടലാണെന്ന് ഒരു ഘട്ടത്തിലും കോൺഗ്രസ് ഉയർത്തിക്കാണിച്ചില്ലെന്നത് ശ്രദ്ധേയമായിരുന്നു. മുമ്പ് അങ്ങനെ ഉയർത്തിക്കാട്ടിയ ഇടത്തെല്ലാം കോൺഗ്രസ് പരാജയപ്പെട്ടു. വിജയത്തിനുശേഷം രാഹുൽ ഗാന്ധിയുടെ വിജയമാണെന്ന് നേതൃത്വം അവകാശപ്പെടുന്നുണ്ട്.

2014 മുതൽ മോദി– അമിത് ഷാ സഖ്യം സൃഷ്ടിച്ചെടുത്ത ബിജെപിയുടെ അടിത്തറ വിപുലമാക്കലിന് അന്ത്യംകുറിച്ചിരിക്കുകയാണ് ഈ പരാജയം. കർണാടകത്തെ ദക്ഷിണേന്ത്യയിലേക്കുള്ള ബിജെപിയുടെ പ്രവേശനകവാടം എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഈ തോൽവിയോടെ തെലങ്കാന, തമിഴ്നാട്, കേരളം, ആന്ധ്ര സംസ്ഥാനങ്ങളിലേക്കുള്ള പ്രവേശന വഴിയാണ് അടഞ്ഞത്. 2019ൽ മോദി രണ്ടാംതവണ അധികാരത്തിലെത്തിയശേഷം ബിഹാർ, പഞ്ചാബ്, ജാർഖണ്ഡ്, ഹിമാചൽപ്രദേശ്, പശ്ചിമ ബംഗാൾ, ഡൽഹി, കേരളം, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. ലോക്സഭാ തെരഞ്ഞെടുപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച പല സംസ്ഥാനങ്ങളിലും ഉപതെരഞ്ഞെടുപ്പുകളിൽ തിരിച്ചടി നേരിട്ടു. അധികാരം നിലനിർത്താൻ മോദിയും അമിത് ഷായും ആക്രമണോത്സുകമായ രീതിയിൽ വിദ്വേഷപ്രചാരണം നടത്തിയിട്ടും കർണാടകത്തിലെ ദയനീയ തോൽവി മോദി– അമിത് സഖ്യത്തിന്റെ പരാജയമാണ്. പാർടി അധ്യക്ഷൻ ജെ പി നദ്ദയുടെയും സംഘടനാ ജനറൽ സെക്രട്ടറി ബി എൽ സന്തോഷിന്റെയും പരാജയംകൂടിയാണ്. ഇത് ബിജെപിക്കുള്ളിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കും. തീവ്രവർഗീയതയുടെ പ്രതീകമായ യോഗി ആദിത്യനാഥിനെപ്പോലുള്ളവരെ മുന്നിൽനിർത്തി ലോക്സഭാ തെരഞ്ഞെടുപ്പിനെ നേരിടാനുള്ള സാധ്യതയും ഉയർന്നുവരും. പ്രാദേശിക കക്ഷികൾ മുൻകൈയെടുത്ത് പ്രതിപക്ഷ ഐക്യം ശക്തിപ്പെടുത്താനുള്ള നീക്കത്തെ ആശങ്കയോടെ കാണുന്ന ബിജെപി വർഗീയ ധ്രുവീകരണം ശക്തിപ്പെടുത്തി പിടിച്ചുനിൽക്കാൻ എന്തും ചെയ്യാൻ മടിക്കില്ല.

കർണാടകത്തിലെ വിജയത്തെ മുൻനിർത്തി ലോക്സഭാ തെരഞ്ഞെടുപ്പ് എളുപ്പത്തിൽ വിജയിക്കാമെന്ന് കോൺഗ്രസ് കരുതിയാൽ അത് വെറും മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാകും. അനുഭവങ്ങളിൽനിന്ന് പാഠം ഉൾക്കൊണ്ട് ലോക്സഭാ തെരഞ്ഞെടുപ്പിൽ ശരിയായ സമീപനമെടുക്കാൻ കോൺഗ്രസ് തയ്യാറാകുമെന്നാണ് ജനാധിപത്യ, മതനിരപേക്ഷ കക്ഷികൾ പ്രതീക്ഷിക്കുന്നത്

മുഖപ്രസംഗം കേൾക്കാൻ
ക്യു ആർ കോഡ്
സ്കാൻ ചെയ്യുക

ഈ സാഹചര്യത്തിൽ കർണാടക തെരഞ്ഞെടുപ്പിലെ വിജയത്തിൽനിന്ന് കോൺഗ്രസിന് ഏറെ പഠിക്കാനുണ്ട്. രാജ്യമാകെ ശക്തിപ്പെട്ടുവെന്ന് അഹങ്കരിക്കുന്നതിനുപകരം ബിജെപി ഉയർത്തുന്ന ഭീഷണി മനസ്സിലാക്കി ശരിയായ രാഷ്ട്രീയ നിലപാട് സ്വീകരിക്കാനുള്ള പക്വത കാട്ടാനാകണം. ഓരോ സംസ്ഥാനത്തും ബിജെപിവിരുദ്ധ വോട്ടുകൾ പരമാവധി സമാഹരിക്കുന്ന രീതിയിൽ അതത് സംസ്ഥാനത്തെ പ്രധാനകക്ഷികളുടെ നേതൃത്വത്തിൽ കൂട്ടായ്മകൾ ഉണ്ടാക്കാൻ സഹകരിക്കുകയാണു വേണ്ടത്. അല്ലാതെ വല്യേട്ടൻ മനോഭാവത്തോടെ പോയാൽ 2019 ലോക്സഭാ തെരഞ്ഞെടുപ്പിലെ അനുഭവം കോൺഗ്രസ് മറക്കരുത്. 2018 ഡിസംബറിലെ തെരഞ്ഞെടുപ്പിൽ രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിൽ അധികാരത്തിൽ തിരിച്ചെത്തിയതിന്റെ അമിത ആത്മവിശ്വാസവുമായി ലോക്സഭാ തെരഞ്ഞെടുപ്പിനെ കോൺഗ്രസ് നേരിട്ടപ്പോൾ ദയനീയ തോൽവിയായിരുന്നു ഫലം. 25 സീറ്റുള്ള രാജസ്ഥാനിൽ ഒറ്റസീറ്റും നേടാനായില്ല. മധ്യപ്രദേശ് (29), ഛത്തീസ്ഗഢ് (11) എന്നിവിടങ്ങളിൽ ഓരോ സീറ്റിലും ഒതുങ്ങി. സഖ്യകക്ഷി ഭരണമുണ്ടായിരുന്ന കർണാടകത്തിലും ഒരുസീറ്റ് മാത്രം. കോൺഗ്രസും ബിജെപിയും നേർക്കുനേർ ഏറ്റുമുട്ടിയ എല്ലായിടത്തും ബിജെപി തൂത്തുവാരി. മധ്യപ്രദേശിൽ രാഹുലിന്റെ വലംകൈയായിരുന്ന ജ്യോതിരാദിത്യ സിന്ധ്യ ബിജെപിയിലേക്ക് പോയതോടെ അധികാരം നഷ്ടപ്പെടുകയും ചെയ്തു. കർണാടകം ഉൾപ്പെടെ നാല് സംസ്ഥാനത്തു മാത്രമാണ് കോൺഗ്രസ് അധികാരത്തിലുള്ളത്. നേതാക്കൾ തമ്മിൽ പരസ്യമായ ഏറ്റുമുട്ടൽ നടക്കുന്ന രാജസ്ഥാനിലും ഛത്തീസ്ഗഢിലും രൂക്ഷമായ സംഘടനാ പ്രശ്നങ്ങളുണ്ട്. കർണാടകത്തിൽപ്പോലും നേതാക്കൾ തമ്മിൽ അധികാരത്തർക്കം നിലനിൽക്കുന്നുവെന്നതാണ് യാഥാർഥ്യം. കർണാടകത്തിലെ വിജയത്തെ മുൻനിർത്തി ലോക്സഭാ തെരഞ്ഞെടുപ്പ് എളുപ്പത്തിൽ വിജയിക്കാമെന്ന് കോൺഗ്രസ് കരുതിയാൽ അത് വെറും മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാകും. അനുഭവങ്ങളിൽനിന്ന് പാഠം ഉൾക്കൊണ്ട് ലോക്സഭാ തെരഞ്ഞെടുപ്പിൽ ശരിയായ സമീപനമെടുക്കാൻ കോൺഗ്രസ് തയ്യാറാകുമെന്നാണ് ജനാധിപത്യ, മതനിരപേക്ഷ കക്ഷികൾ പ്രതീക്ഷിക്കുന്നത്.

‘ഡൽഹിയിലേക്കുള്ള പാത സംസ്ഥാനങ്ങളിലൂടെ’

വി ബി പരമേശ്വരൻ

‘നമുക്കെല്ലാം അറിയുന്നതുപോലെ ഡൽഹിയിലേക്കുള്ള പാത കടന്നുപോകുന്നത് ലഖ്നൗവിലൂടെയാണ്’ എന്നു പറഞ്ഞത് മുൻ പ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയാണ്. ഉത്തർപ്രദേശിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്നതിന് തൊട്ടുമുമ്പ് 2006 ഡിസംബറിൽ ലഖ്നൗവിൽ ചേർന്ന ബിജെപി നാഷണൽ കൗൺസിൽ യോഗത്തിലാണ് വാജ്പേയി ഇങ്ങനെ പറഞ്ഞത്. ലഖ്നൗവിൽ അധികാരം പിടിക്കാതെ ഇന്ത്യയുടെ അധികാരം പിടിക്കാൻ കഴിയില്ലെന്ന സന്ദേശമാണ് വാജ്പേയി ഇതിലൂടെ ബിജെപിക്ക് നൽകിയത്. അതായത് കേന്ദ്ര അധികാരം നേടണമെങ്കിൽ പ്രധാന സംസ്ഥാനങ്ങളിൽ അധികാരം പിടിക്കണമെന്നും അല്ലാതെ ബിജെപിക്ക് ഡൽഹിയിൽ ഭരണം ഉറപ്പിക്കാനാകില്ലെന്നുമായിരുന്നു വാജ്പേയി പറഞ്ഞതിന്റെ അർഥം. ഏതായാലും യുപിയിൽ ഉൾപ്പെടെ ബിജെപി മുൻകൈ നേടിയപ്പോഴാണ് മോദിക്ക് ഡൽഹിയിൽ ഭരണം ഉറപ്പിക്കാനായതും ഹിന്ദുത്വ അജൻഡകൾ ഓരോന്നായി നടപ്പാക്കാനായതും.

കർണാടകത്തിൽ ബിജെപി ദയനീയമായി തോറ്റ പശ്ചാത്തലത്തിൽ ‘ദ വയർ’ ഓൺലൈൻ വാർത്താ പോർട്ടലിൽ അജോയ് ആശീർവാദ് മഹാപ്രശസ്ത എഴുതിയത് ‘ഡൽഹിയിലേക്കുള്ള പാതകൾ സംസ്ഥാനങ്ങളിലൂടെയാണ്’ എന്നാണ്. അതു നൽകുന്ന സന്ദേശം ഇതാണ്. മോദിയെ ഡൽഹിയിൽനിന്ന് ഇറക്കണമെങ്കിൽ സംസ്ഥാനങ്ങളിൽ ബിജെപിവിരുദ്ധ ശക്തികൾക്ക് മേൽക്കൈ ലഭിക്കണം. 2024ൽ നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഓരോ സംസ്ഥാനത്തും ബിജെപിവിരുദ്ധ ശക്തികളെ ഏകോപിപ്പിച്ച് മൽസരിച്ചാൽ മാത്രമേ കേന്ദ്രത്തിലെ ബിജെപിയെ താഴെ ഇറക്കാൻ കഴിയൂ. ദേശീയതലത്തിൽ പ്രതിപക്ഷ മുന്നണി, അതിനൊരു പ്രധാനമന്ത്രി സ്ഥാനാർഥി എന്ന രീതിയിലുള്ള രാഷ്ട്രീയ പദ്ധതി പ്രതിപക്ഷ ഐക്യം ശക്തിപ്പെടുത്തുന്നതിനേക്കാൾ ദുർബലപ്പെടുത്തുകയേ ഉള്ളൂവെന്നതാണ് ഇന്ത്യൻ യാഥാർഥ്യം. ഐക്യമുന്നണി, ദേശീയ മുന്നണി, ഐക്യ പുരോഗമന സഖ്യം എന്നീ സർക്കാരുകൾ എല്ലാംതന്നെ തെരഞ്ഞെടുപ്പിനുശേഷം ഉരുത്തിരിഞ്ഞുവന്ന മുന്നണികളാണ്. അതിനാൽ ആദ്യം വേണ്ടത് സംസ്ഥാനാടിസ്ഥാനത്തിൽ ബിജെപിവിരുദ്ധ ശക്തികളെ പരമാവധി ഏകോപിപ്പിച്ചു നിർത്തി മോദിയുടെ പാർടിക്ക് സീറ്റ് കുറയ്ക്കുക എന്നതാണ്. കർണാടക തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ജയിച്ചതിന്റെ പശ്ചാത്തലത്തിൽ പ്രതിപക്ഷ മുഖം കോൺഗ്രസാണെന്നു പറഞ്ഞ് അവരെ മുൻനിർത്തി ഒരു സഖ്യരൂപീകരണത്തിന് പുറപ്പെട്ടാൽ പല പ്രാദേശിക കക്ഷികളും അതിന്റെ ഭാഗമാകില്ല. സമാജ്വാദി പാർടി, ബിആർഎസ്, ടിഎംസി തുടങ്ങി പല കക്ഷികളും കോൺഗ്രസുമായി കൈകോർക്കാൻ താൽപ്പര്യമില്ലെന്ന് ഇപ്പോഴേ വ്യക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം കണ്ണൂരിൽ ചേർന്ന സിപിഐ എം 23–ാം പാർടി കോൺഗ്രസ് അടിവരയിട്ട് പറഞ്ഞത് സംസ്ഥാനാടിസ്ഥാനത്തിൽ എല്ലാ മതനിരപേക്ഷ ജനാധിപത്യ ശക്തികളെയും പരമാവധി കൂട്ടിയോജിപ്പിക്കലാണ് പ്രായോഗികമായ രാഷ്ട്രീയം എന്നാണ്. പതുക്കെയാണെങ്കിലും ഈ ആശയത്തിനോടൊപ്പമാണ് ഭൂരിപക്ഷം പ്രാദേശിക കക്ഷികളും നിലയുറപ്പിക്കുന്നത്.

നിയമസഭാ തെരഞ്ഞെടുപ്പിലെ ജനവിധി ലോക്സഭാ തെരഞ്ഞെടുപ്പിൽ അതേപടി ആവർത്തിക്കാറില്ലെന്ന് മാത്രമല്ല, നേരേമറിച്ചുള്ള ജനവിധിയും ഉണ്ടാകാറുണ്ട്. 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് ആറു മാസംമുമ്പ് നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളാണ് മധ്യപ്രദേശും ഛത്തീസ്ഗഢും രാജസ്ഥാനും. മൂന്നിടത്തും കോൺഗ്രസാണ് ജയിച്ചത്. എന്നാൽ, കോൺഗ്രസിന്റെ പ്രവർത്തകസമിതി അംഗം ഉൾപ്പെടെ കൂറുമാറിയപ്പോൾ മധ്യപ്രദേശ് ഭരണം കോൺഗ്രസിന് പിന്നീട് നഷ്ടമായി. മൂന്നിടത്തുംകൂടി 65 ലോക്സഭാ സീറ്റുണ്ടായിരുന്നു. എന്നാൽ, ഇതിന്റെ മൂന്നു ശതമാനം സീറ്റ് മാത്രമാണ് കോൺഗ്രസിന് ലഭിച്ചത്. മൂന്നു സംസ്ഥാനത്തുംകൂടി ലഭിച്ചത് രണ്ട് സീറ്റ് മാത്രം.രാജസ്ഥാനിൽ ഒരു സീറ്റുപോലും ലഭിച്ചില്ല. അതായത് നിയമസഭാ തെരഞ്ഞെടുപ്പിൽ ജയിച്ച അഹങ്കാരത്തിൽ മറ്റ് മതനിരപേക്ഷ കക്ഷികളെ വിശ്വാസത്തിലെടുക്കാൻ തയ്യാറാകാതെ മത്സരിച്ചതിന്റെ തിക്തഫലമാണ് കോൺഗ്രസിന് ലഭിച്ചത്. ഈ രാഷ്ട്രീയ മണ്ടത്തരം ആവർത്തിക്കരുതെന്നർഥം. ഓരോ സംസ്ഥാനത്തും ബിജെപിക്കെതിരെ നിൽക്കാൻ തയ്യാറാകുന്ന എല്ലാ കക്ഷികളെയും കൂട്ടിയോജിപ്പിക്കാൻ അതത് സംസ്ഥാനത്തെ പ്രധാന കക്ഷികൾ തയ്യാറാകണം.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ് ഒരു പ്രധാന വിജയം നേടുന്നത് കർണാടകത്തിലാണ്. ഇതോടെ ബിജെപിയെ പരാജയപ്പെടുത്താൻ കോൺഗ്രസിനേ കഴിയൂ എന്ന പൊള്ളയായ അവകാശവാദം പലകോണുകളിൽനിന്നും ഉയരുന്നുണ്ട്. യാഥാർഥ്യവുമായി ഒരു ബന്ധവുമില്ലാത്ത ആഖ്യാനമാണിത്. 2019ൽ ബിജെപി തനിച്ച് ഭൂരിപക്ഷം നേടിയതിനുശേഷം അരഡസനിലധികം സംസ്ഥാനങ്ങളിൽ ബിജെപി പരാജയപ്പെട്ടിട്ടുണ്ട്. ബിഹാർ, പശ്ചിമബംഗാൾ, ഡൽഹി, പഞ്ചാബ്, തമിഴ്നാട്, ജാർഖണ്ഡ്, മഹാരാഷ്ട്ര, ഹിമാചൽപ്രദേശ്, കേരളം, കർണാടകം എന്നീ സംസ്ഥാനങ്ങളിൽ ബിജെപിക്ക് അധികാരത്തിൽ വരാനായില്ല. (ഇതിൽ മഹാരാഷ്ട്ര മാത്രമാണ് കാലുമാറ്റത്തിലൂടെ ബിജെപിക്ക് തിരിച്ചുപിടിക്കാൻ കഴിഞ്ഞത്.) ഇതിൽ ഹിമാചലും കർണാടകവും മാത്രമാണ് കോൺഗ്രസിന് സ്വന്തം നിലയിൽ അധികാരത്തിൽ വരാൻ കഴിഞ്ഞത്. കേരളം ഒഴിച്ചുള്ള മറ്റ് സംസ്ഥാനങ്ങളിൽ പ്രാദേശിക കക്ഷികളാണ് നേതൃത്വത്തിലുള്ളത്. അതായത് കോൺഗ്രസിനേക്കാളും ബിജെപിയെ പരാജയപ്പെടുത്തുന്നതിൽ മികവ് കാട്ടുന്നത് പ്രാദേശിക കക്ഷികളാണ്. ലോക്സഭാ തെരഞ്ഞെടുപ്പിലും ഇതാണ് സ്ഥിതി.

ഹിന്ദിമേഖലയിൽ ബിജെപിക്ക് ഭരണമുള്ള ആറ് സംസ്ഥാനത്തിൽ യുപിയും മഹാരാഷ്ട്രയും ഒഴിച്ചുള്ള നാല് സംസ്ഥാനത്തും പ്രധാന പ്രതിപക്ഷ കക്ഷി കോൺഗ്രസാണ്. (ഉത്തരാഖണ്ഡ്, ഗുജറാത്ത്, ഹരിയാന, മധ്യപ്രദേശ്) സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ മാത്രമല്ല, ലോക്സഭാ തെരഞ്ഞെടുപ്പിലും കോൺഗ്രസിന്റെ പ്രകടനം ദയനീയമായിരുന്നു. ഇതിന് മാറ്റം വരണമെങ്കിൽ ഈ സംസ്ഥാനങ്ങളിലെ ബിജെപിവിരുദ്ധ കക്ഷികളെ മുഴുവൻ ഉൾക്കൊള്ളാനുള്ള വലിയ മനസ്സ് കോൺഗ്രസിനുണ്ടാകണം. വിവിധ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യത്തിനനുസരിച്ചുള്ള തന്ത്രം പ്രതിപക്ഷ കക്ഷികൾ ആവിഷ്കരിച്ചാൽ മാത്രമേ ബിജെപിയെ തോൽപ്പിക്കാനാകൂ.

കർണാടക തെരഞ്ഞെടുപ്പ്

2024ൽ നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഓരോ സംസ്ഥാനത്തും ബിജെപിവിരുദ്ധ ശക്തികളെ ഏകോപിപ്പിച്ച് മൽസരിച്ചാൽ മാത്രമേ കേന്ദ്രത്തിലെ ബിജെപിയെ താഴെ ഇറക്കാൻ കഴിയൂ. ദേശീയതലത്തിൽ പ്രതിപക്ഷ മുന്നണി, അതിനൊരു പ്രധാനമന്ത്രി സ്ഥാനാർഥി എന്ന രീതിയിലുള്ള രാഷ്ട്രീയ പദ്ധതി പ്രതിപക്ഷ ഐക്യം ശക്തിപ്പെടുത്തുന്നതിനേക്കാൾ ദുർബലപ്പെടുത്തുകയേ ഉള്ളൂവെന്നതാണ് ഇന്ത്യൻ യാഥാർഥ്യം. ഐക്യമുന്നണി, ദേശീയ മുന്നണി, ഐക്യ പുരോഗമന സഖ്യം എന്നീ സർക്കാരുകൾ എല്ലാംതന്നെ തെരഞ്ഞെടുപ്പിനുശേഷം ഉരുത്തിരിഞ്ഞുവന്ന മുന്നണികളാണ്

ക്ലാസ് മുറികളിലെ വിപ്ലവം

ബിലു സി നാരായണൻ

രണ്ടാം പിണറായി സർക്കാർ മൂന്നാം വർഷത്തിലേക്ക് കടക്കുന്നു. ഭരണത്തിലേക്കു നയിച്ച ജനപക്ഷനയങ്ങളുടെ തുടർച്ച മാത്രമല്ല, അവയുടെ അടുത്ത ഘട്ടത്തിലേക്കുള്ള ആസൂത്രണവും സമകാലികമായ പുതുക്കലുകളും കൂടിയുള്ളതാണ് കഴിഞ്ഞ രണ്ടു വർഷം. അറിവിനെ ജനകീയവും ജനാധിപത്യപരവും ഉൽപ്പാദനപരവുമാക്കുന്ന ജ്ഞാനസമൂഹത്തിലൂടെ നവകേരള നിർമിതിയിലേക്ക് നാം ലക്ഷ്യം വയ്ക്കുമ്പോൾ അതിൽ ഏറ്റവും നിർണായക പങ്കുവഹിക്കുന്ന മേഖലയാണ് വിദ്യാഭ്യാസം.

ലോകത്തിനുതന്നെ മാതൃകയായ നമ്മുടെ പൊതു വിദ്യാഭ്യാസ സമ്പ്രദായം ഒട്ടേറെ പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരുന്ന സന്ദർഭത്തിലാണ് 2016ലെ ഇടതുപക്ഷ സർക്കാർ ഭരണത്തിൽ വരുന്നത്. സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിന്റെ ദിശാസൂചിയായിരുന്നു ആദ്യഘട്ടത്തിൽ നടന്ന സ്കൂൾ ഏറ്റെടുക്കലുകൾ. പൊതുവിദ്യാഭ്യാസ രംഗത്തിന്റെ തകർച്ചയും അതിനെ നേരിടാൻ ഉറച്ച ഒരു സർക്കാരിന്റെ ഇച്ഛാശക്തിയും കേരളം തിരിച്ചറിഞ്ഞ സന്ദർഭമായിരുന്നു കോഴിക്കോട് മലാപ്പറമ്പ് ഉൾപ്പെടെ ലാഭകരമല്ലാത്തതിനാൽ അടച്ചുപൂട്ടാൻ തുടങ്ങിയ സ്കൂളുകളുടെ ഏറ്റെടുക്കൽ.

തുടർന്ന് 2017 ജനുവരി 27ന് തുടക്കംകുറിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ‘പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുക’ എന്ന ലക്ഷ്യം പൂർണ ജനകീയ പിന്തുണയോടെ ഇന്ന് കൈവരിച്ചു കഴിഞ്ഞു. ‘നാട്ടിലെ പഴയ സ്കൂളൊക്കെ ആകെ മാറി’ എന്നത് കേരളത്തിലെ ഏതു ദേശത്തുനിന്നും ഇപ്പോൾ നമുക്ക് കേൾക്കാവുന്ന ഒരു പൊതു വിശേഷം പറച്ചിലാണ്. സർക്കാരിന്റെ നൂറുദിന കർമപദ്ധതിയുടെ ഭാഗമായി നടന്ന ഏറ്റവും പ്രധാനപ്പെട്ട നേട്ടമായിരുന്നു സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം. സർക്കാർ പള്ളിക്കൂടങ്ങളിപ്പോൾ നാടിന്റെ സാംസ്കാരിക മുദ്രകളായി മാറിയിരിക്കുന്നു. രക്ഷാകർത്താക്കൾ, അധ്യാപകർ, ജനപ്രതിനിധികൾ, തദ്ദേശഭരണ സംവിധാനങ്ങൾ, പൂർവവിദ്യാർഥികൾ ഇങ്ങനെ വിവിധ തലങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള സ്കൂൾ മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങൾ വിദ്യാഭ്യാസപരമായി മാത്രമല്ല, സാമൂഹ്യമായിത്തന്നെ ഒരു വലിയ മുന്നേറ്റമായിരുന്നു. അഞ്ചു വർഷത്തിനിടയിൽ ഒമ്പതര ലക്ഷം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പുതുതായി എത്തിയത് കേരളം കണ്ട ഈ ജനകീയ വിദ്യാഭ്യാസവിപ്ലവത്തിന്റെ ഫലമാണ്.പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 45,000 ക്ലാസ് മുറി ‘ഹൈടെക് സ്കൂൾ’ പദ്ധതിയിലൂടെ സാങ്കേതിക സജ്ജമായിക്കഴിഞ്ഞു.

ഇന്ത്യക്കും ലോകത്തിനു തന്നെയും മാതൃകയായ പ്രവർത്തനമാണ് കോവിഡ് കാലത്ത് നമ്മുടെ വിദ്യാഭ്യാസമേഖലയിൽ നടന്നത്. വിക്ടേഴ്സ് ചാനൽ ക്ലാസുകൾ, സ്കൂൾതല ഓൺലൈൻ ക്ലാസുകൾ തുടങ്ങിയവ വഴി സമാന്തരമായ ഒരു അധ്യയനരീതി നടപ്പാക്കാൻ സാധിച്ചു. ഡിജിറ്റൽ ഉപകരണങ്ങളുടെ വിതരണം, അനുബന്ധ സൗകര്യങ്ങൾ ഇവ അർഹരായവർക്ക് നൽകിക്കൊണ്ട് ഈ സാങ്കേതിക വിദ്യാഭ്യാസ സാഹചര്യത്തിൽ പരമാവധി തുല്യതയും സാമൂഹ്യനീതിയും ഉറപ്പുവരുത്താൻ ശ്രമിച്ചു. അക്കാദമിക് വർഷങ്ങൾ നഷ്ടപ്പെടാതെ പരീക്ഷകളും മൂല്യനിർണയവും നടത്തി. അധ്യാപക ക്ഷാമം, ഉച്ചഭക്ഷണം, പാഠപുസ്തക വിതരണം തുടങ്ങി യുഡിഎഫ് സർക്കാർകാലത്ത് അഴിമതിയും അനാസ്ഥയും നിലനിന്ന കാര്യങ്ങൾ ഇപ്പോൾ കൃത്യതയോടെ നടക്കുന്നു. സ്കൂൾ തുറക്കുന്നതിനു മുമ്പേ പുസ്തകങ്ങൾ വിതരണത്തിനു തയ്യാറാകുന്നു. കഞ്ഞിയും പയറുമല്ല, മുട്ടയും പാലും അടങ്ങുന്ന ഭക്ഷണം കുട്ടികൾ കഴിക്കുന്നു.

അംഗീകാരങ്ങളുടെ
നിറവിൽ
2
എൽഡിഎഫ് സർക്കാരിന്റെ
രണ്ടാം വാർഷികാഘോഷം
ഏപ്രിൽ – മെയ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അതിന്റെ ലക്ഷ്യം കണ്ടതിനുശേഷം 2021ൽ ‘വിദ്യാകിരണം’ പദ്ധതിയായി പുനഃസംഘടിപ്പിച്ച വിദ്യാഭ്യാസമിഷൻ ഗുണമേന്മയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള തുടർ വികസന ഘട്ടങ്ങളിലാണ്. വിഷയാധിഷ്ഠിതമായ വിജ്ഞാനം മാത്രമല്ല, സാംസ്കാരിക മാനവിക മൂല്യങ്ങളുടെ സ്വാംശീകരണംകൂടി നടക്കേണ്ട ഇടങ്ങളായി നമ്മുടെ വിദ്യാലയങ്ങൾ മാറുകയെന്നത് ഇതിൽ പ്രധാനമാണ്. ലിംഗനീതിയും പാരിസ്ഥിതിക ബോധവും വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം എന്നതിനേക്കാൾ അതിന്റെ ഫലപൂർണതയായി മാറേണ്ടതുണ്ട്. അധ്യാപക സമൂഹത്തിന്റെ കാലോചിതമായ പരിഷ്കരണത്തിനായുള്ള ട്രാൻസ്ഫോർമേഷൻ പ്രോഗ്രാമുകളും നടന്നുകൊണ്ടിരിക്കുന്നു.

8–12 ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഡിജിറ്റൽ ആശയവിനിമയത്തിനായുള്ള ക്യൂആർ കോഡുകൾ ഉൾപ്പെടുത്തൽ, കാഴ്ചപരിമിതരായ വിദ്യാർഥികൾക്കും അധ്യാപകർക്കും ഭിന്നശേഷി വിഭാഗക്കാർക്കും വേണ്ടിയുള്ള ഓഡിയോ ലൈബ്രറികളും ശബ്ദപാഠങ്ങളും, പിന്നാക്കവിഭാഗം കുട്ടികൾക്കായി 698 പ്രാദേശിക പ്രതിഭാകേന്ദ്രം, 26 ലക്ഷം കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, ഒമ്പതു ലക്ഷം കുട്ടികൾക്ക് സൗജന്യ യൂണിഫോം, എല്ലാ സ്കൂളുകളിലും ഐടി സൗകര്യങ്ങൾ ഉറപ്പുവരുത്തുന്ന സമഗ്ര പോർട്ടൽ; മലയാളത്തിളക്കം,വായനാ ചങ്ങാത്തം, എഴുത്തുപച്ച, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ഗണിത കൗതുകം, ഗണിത കിറ്റ്, ഇംഗ്ലീഷ് ലാബ്, ശാസ്ത്ര പാർക്ക്, ശലഭപാർക്ക്, വെതർ സ്റ്റേഷൻ ഇങ്ങനെയുള്ള അക്കാദമിക് അനുബന്ധ പരിപാടികൾ; ഹയർ സെക്കൻഡറി പ്രവേശനം സുഗമമാക്കിയ ഏകജാലക സംവിധാനം തുടങ്ങിയവ പൊതുവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഏഴു വർഷത്തിൽ നേടിയ നേട്ടങ്ങളാണ്. ദേശീയതലത്തിൽ തയ്യാറാക്കുന്ന പെർഫോമൻസ് ഗ്രേഡിങ് ഇൻഡക്സിലും നിതി ആയോഗ് സ്കൂൾ വിദ്യാഭ്യാസ ഗുണത സൂചികയിലും ഒന്നാമതാകാൻ കേരളത്തിന് കഴിഞ്ഞു.

കഴിഞ്ഞ വർഷങ്ങൾകൊണ്ട് കേരളത്തിൽ നടന്ന വിപ്ലവകരമായ പൊതുവിദ്യാഭ്യാസ വികസനവും ലോകോത്തര നിലവാരത്തിലേക്കുള്ള അതിന്റെ വളർച്ചയും അതുകൊണ്ടുതന്നെ കേരളം കെട്ടിപ്പടുക്കുന്ന ഒരു ബൗദ്ധിക സാംസ്കാരിക പ്രതിരോധംകൂടിയാണ്. വിദ്യാഭ്യാസത്തിലൂടെ അറിവുകളും നൈപുണികളും നേടുന്ന, ചിന്തിക്കുന്ന, ജനാധിപത്യ ബോധമുള്ള പുതുതലമുറകളാണ് വർഗീയ ജനവിരുദ്ധ രാഷ്ട്രീയ ശക്തികൾക്കുള്ള ഭാവിയുടെ മറുപടി

പാഠ്യപദ്ധതി പരിഷ്കരണം, പൊതുവിദ്യാഭ്യാസ മേഖലയുടെ ഏകീകരണം എന്നീ സുപ്രധാന ലക്ഷ്യങ്ങളിലേക്കുള്ള പ്രവർത്തന പാതയിലാണ് ഇന്ന് നമ്മുടെ വിദ്യാഭ്യാസരംഗം. വിദ്യാർഥികളടക്കം സമൂഹത്തിന്റെ വിവിധ തലങ്ങളെ ഉൾപ്പെടുത്തിയുള്ള വിപുലമായ ചർച്ചകൾ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 26 ഫോക്കസ് മേഖലയിൽ നടന്നുകഴിഞ്ഞു. പൊതുജനാഭിപ്രായ രേഖപ്പെടുത്തലുകൾക്കായി ടെക് പ്ലാറ്റ്ഫോമുകൾ ഒരുക്കി.

ഹയർ സെക്കൻഡറി/ വൊക്കേഷണൽ വിഭാഗങ്ങൾ ഉൾപ്പെടെ ഒന്നുമുതൽ 12 വരെയുള്ള എല്ലാ തലങ്ങളും ഏകീകരണത്തിലൂടെ ഒറ്റക്കുടക്കീഴിലാകുമ്പോൾ അക്കാദമിക് ഭരണനിർവഹണ കാര്യങ്ങളിൽ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും തുല്യനീതിയും ഉറപ്പുവരുത്താൻ കഴിയും.

പ്രാപ്യത (Accessibility), തുല്യത (Equality), ഗുണത (Quality) ഈ മൂന്ന് അടിസ്ഥാന വിദ്യാഭ്യാസ സൂചികയെയും അട്ടിമറിച്ചുകൊണ്ട് പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ മറവിൽ കേന്ദ്രസർക്കാർ ഇന്ത്യയുടെ പൊതു വിദ്യാഭ്യാസ രംഗത്തെ വർഗീയവൽക്കരിക്കാനും വാണിജ്യവൽക്കരിക്കാനും ഏകാധിപത്യവൽക്കരിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്. 3.22 കോടി കുട്ടികൾ ഇപ്പോഴും ഇന്ത്യയിൽ വിദ്യാഭ്യാസത്തിന് പുറത്തുനിൽക്കുന്നു. കഴിഞ്ഞ വർഷങ്ങൾകൊണ്ട് കേരളത്തിൽ നടന്ന വിപ്ലവകരമായ പൊതുവിദ്യാഭ്യാസ വികസനവും ലോകോത്തര നിലവാരത്തിലേക്കുള്ള അതിന്റെ വളർച്ചയും അതുകൊണ്ടുതന്നെ കേരളം കെട്ടിപ്പടുക്കുന്ന ഒരു ബൗദ്ധിക സാംസ്കാരിക പ്രതിരോധംകൂടിയാണ്. വിദ്യാഭ്യാസത്തിലൂടെ അറിവുകളും നൈപുണികളും നേടുന്ന, ചിന്തിക്കുന്ന, ജനാധിപത്യബോധമുള്ള പുതുതലമുറകളാണ് വർഗീയ ജനവിരുദ്ധ രാഷ്ട്രീയ ശക്തികൾക്കുള്ള ഭാവിയുടെ മറുപടി.

(എഴുത്തുകാരിയായ ലേഖിക തൃശൂർ കട്ടിലപൂവം ജിഎച്ച്എസ്എസ് അധ്യാപികയാണ്)

പ്രതികരണം

editdbi@gmail.com

വിവരാവകാശനിയമം പാലിക്കണം

വിവരാവകാശനിയമം നടപ്പായി ഏറെക്കാലമായെങ്കിലും ചുരുക്കം ചില ഉദ്യോഗസ്ഥരെങ്കിലും ഇപ്പോഴും അത് അവഗണിക്കുന്നുണ്ടെന്നാണ് കഴിഞ്ഞ ദിവസം വിവരാവകാശ കമീഷൻ രണ്ട് ഉദ്യോഗസ്ഥർക്ക് ഇരുപത്തയ്യായിരം രൂപ വീതം പിഴ ചുമത്തിയതിലൂടെ വ്യക്തമാകുന്നത്. കൊച്ചി നഗരസഭയുടെ ഫോർട്ട് കൊച്ചി മേഖലാ ഓഫീസിലെ രണ്ട് ഉദ്യോഗസ്ഥർക്കാണ് പിഴയടയ്ക്കേണ്ടിവന്നത്. വിവരാവകാശ നിയമപ്രകാരം നൽകുന്ന അപേക്ഷയ്ക്ക് നിയമം അനുശാസിക്കുംവിധം മറുപടി നൽകാൻ ഉദ്യോഗസ്ഥർക്ക് ബാധ്യതയുണ്ട്. അത് അവഗണിക്കുന്നവർക്കുള്ള താക്കീതാണ് ഈ സുപ്രധാന തീരുമാനം.

മുരളീമോഹൻ
മഞ്ചേരി